നം.സി4/9661/2020 വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
മലപ്പുറം, തീയതി : 14/05/2020.
email : ddemlp.dge@kerala.gov.in

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/05/2020 ലെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന : 13/05/2020 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശങ്ങൾ.

13/05/2020 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വീഡിയോ കോൺഫറൻസിൽ നൽകിയ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രധാനാധ്യാപകരുടെയും അറിവിലേക്കായി നൽകുന്നു.

1) ഇന്ന് (14/05/2020) മുതൽ പ്രൈമറിതല ഓൺലൈൻ അധ്യാപക പരിശീലനം ആരംഭിച്ചു. എല്ലാ അധ്യാപകരും പരിശീലനത്തിൽ പങ്കെടുക്കണം. വിക്ടേഴ്സ് ചാനൽ ലഭിക്കാത്തവർക്കും യൂ ട്യൂബ് വഴി പരിശീലനം നേടാം. പരിശീലനത്തിന്റെ ഫീഡ് ബാക്ക് അവരവരുടെ സമഗ്രയിൽ ചേർക്കണം. ഓഫീസർമാർ, പരിശീലന പരിപാടി മോണിട്ടർ ചെയ്യേണ്ടതും, പങ്കെടുത്തു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
2) സ്കൂൾ തുറക്കുന്നതിന് മുമ്പ് സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റ്(ഫിറ്റ്നസ് സർട്ടിഫിക്കറ്റ്) വാങ്ങിയിരിക്കണം. അല്ലാത്ത പക്ഷം പിന്നീട് നേരിടേക്കാവുന്ന പ്രയാസങ്ങൾക്ക് സ്കൂൾ പ്രധാനാധ്യാപകർ/മാനേജർമാർ മാത്രമായിരിക്കും ഉത്തരവാദി എന്ന വിവരം അറിയിക്കുന്നു.
3) മെയ് മാസം 26, 27, 28 തീയതികളിൽ പത്താം തരം പരീക്ഷ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ കുട്ടികളും പരീക്ഷക്ക് ഹാജരാകും എന്ന് പ്രധാനാധ്യാപകർ ഉറപ്പുവരുത്തണം. അതിനുവേണ്ടി പ്രധാനാധ്യാപകർ മാസ്റ്റർപ്ലാൻ തയ്യാറാക്കണം. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇക്കാര്യം മോണിട്ടർ ചെയ്ത് ഉറപ്പുവരുത്തണം. പരീക്ഷക്ക് വരുന്നവർക്കുള്ള മാസ്ക്, ഡിപ്പാർട്ട്മെന്റ് തയ്യാറാക്കും. എന്നിരുന്നാലും ആദ്യ ദിവകം പരീക്ഷക്ക് വരുമ്പോൾ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്, വീട്ടിൽ നിന്നുതന്നെ മാസ്ക് ധരിച്ചു വരുന്നുണ്ടെന്ന് ഉറപ്പുവരുത്തണം(സ്കൂളിൽ വന്ന് മാസ്ക് ധരിച്ചാൽ പോരാ എന്നുസാരം).



Scanned with CamScanner

4) സാനിറ്റൈസർ, സോപ്പ്, കൈകഴുകുന്നതിനുള്ള വെള്ളം എന്നിവ മുഴുവൻ ക്ലാസ്സുകൾക്കു മുന്നിലും ലഭ്യമാക്കണം. സ്കൂൾ പൂർണ്ണമായും അണുവിമുക്തമാക്കണം. എല്ലാ അധ്യാപകരും ഡ്യൂട്ടിയ്ക്കെത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇൻവിജിലേഷൻ ഡ്യൂട്ടിയുള്ള ഏതെങ്കിലും അധ്യാപകന് ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യത്തിൽ ഹാജരാകാൻ കഴിയാതെ വന്നാൽ, ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ അതിനുള്ള ക്രമീകരണം നടത്തേണ്ടതാണ്.

5) പരീക്ഷക്ക് ഹാജരാവേണ്ട കുട്ടികളുടെ രക്ഷിതാക്കളെ ക്ലാസ്സ് അധ്യാപകരുടെ സഹായത്താൽ ബന്ധപ്പെട്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തണം. സോഷ്യൽ ഡിസ്റ്റൻസിംഗ്, സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ പാലിച്ച് പരീക്ഷകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആരോഗ്യമുള്ള ഒരു സമൂഹമാണ് നമ്മുടെ ലക്ഷ്യം. അതിനുവേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ സന്നദ്ധരാകുക.

വിദ്യാഭ്യാസ ഉപഡയറക്ടർ
മലപ്പുറം.

സ്വീകർത്താവ് :

1) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
3) എല്ലാ പ്രധാനാധ്യാപകർ.
4) കരുതൽ ഫയൽ.

കെ.എസ് 14/05/2020



Scanned with CamScanner